നമ്പർ DWCD/2205/2022-E1

വനിതാ ശിശുവികസന ഡയറക്ടറുടെ
കാര്യാലയം, പൂജപ്പുര,
തിരുവനന്തപുരം.
തീയതി : 29/06/2022
Email : directorate.wcd@kerala.gov.in
Phone No. 0471-2346534

# പരിപത്രം

വിഷയം :- വനിത ശിശുവികസന വകുപ്പ് - ജീവനക്കാര്യം - 2022 ലെ പൊതു സ്ഥലം മാറ്റം ഓൺലൈൻ സംവിധാനത്തിലൂടെ നടത്തുന്നത് - ജീവനക്കാരുടെ സർവ്വീസ് വിവരങ്ങൾ രേഖപ്പെടുത്തുന്നതിനുള്ള സമയം ദീർഘിപ്പിച്ച് മാർഗ്ഗനിർദ്ദേശം പുറപ്പെടുവിക്കുന്നത് - സംബ

സൂചന :- 1) വനിത ശിശുവികസന ഡയറക്ടറുടെ 20/06/2022 ലെ ഇതേ നമ്പർ പരിപത്രം
2) വിവിധ കീഴ്കാര്യാലയ മേധാവികളുടെ അപേക്ഷകൾ

വനിത ശിശുവികസന വകുപ്പിലെ ജീവനക്കാരുടെ 2022 ലെ പൊതുസ്ഥലംമാറ്റം ഓൺലൈൻ സംവിധാനത്തിലൂടെ നടപ്പിലാക്കുന്നതിനായി നിലവിലെ എല്ലാ ജീവനക്കാരുടെയും സർവ്വീസ് വിവരങ്ങൾ രേഖപ്പെടുത്തുന്നതിനും, അപേക്ഷ ക്ഷണിച്ച് നടപടിക്രമം പൂർത്തിയാക്കുന്നതിനും സൂചന പ്രകാരം സമയക്രമവും മാർഗ്ഗനിർദ്ദേശവും പുറപ്പെടുവിച്ചിരുന്നു.

ജീവനക്കാരുടെ സർവ്വീസ് വിവരങ്ങൾ രേഖപ്പെടുത്തി കാര്യാലയ മേധാവി Approval ചെയ്ത് നൽകുന്നതിന് 25/06/2022 വരെ സമയം അനുവദിച്ച് നൽകിയിരുന്നു. എന്നാൽ, ജീവനക്കാരുടെ സർവ്വീസ് വിവരങ്ങൾ പൂർണ്ണമായും രേഖപ്പെടുത്തി Approval നൽകുന്നതിന് സാധിച്ചിട്ടില്ലെന്നും പ്രസ്തുത നടപടിക്രമം പൂർത്തിയാക്കുന്നതിന് കൂടുതൽ സമയം ആവശ്യമാണെന്നും നിരവധി കാര്യാലയമേധാവികൾ അഭ്യർത്ഥിച്ചിരിക്കുന്നു.

ഈ സാഹചര്യത്തിൽ വകുപ്പിലെ എല്ലാ വിഭാഗം ജീവനക്കാരുടെയും സർവ്വീസ് വിവരങ്ങൾ ശരിയായ വിധം **Online General Transfer 2022 എന്ന മൊഡ്യൂളിൽ** രേഖപ്പെടുത്തി കാര്യാലയ മേധാവി Approval ചെയ്ത് നൽകുന്നതിന് ചുവടെ പറയും പ്രകാരം പുതുക്കിയ മാർഗ്ഗ നിർദ്ദേശം പുറപ്പെടുവിക്കുന്നു.

**1)** ഗസറ്റഡ് തസ്തികയിലെ ജീവനക്കാർ ഉൾപ്പടെ വകുപ്പിലെ എല്ലാ വിഭാഗം ജീവനക്കാരുടെയും സർവ്വീസ് വിവരങ്ങൾ ശരിയായ വിധം രേഖപ്പെടുത്തി 01/07/2022, 05.00 pm ന് മുമ്പായി കാര്യാലയ മേധാവി Approval ചെയ്യേണ്ടതാണ്.

**2)** അതാത് ജില്ലയിലെ എല്ലാ കീഴ്കാര്യാലയങ്ങളിലെയും എല്ലാ വിഭാഗം ജീവനക്കാരുടെയും സർവ്വീസ് വിവരങ്ങൾ 01/07/2022, 05.00 pm ന് മുമ്പായി രേഖപ്പെടുത്തി കാര്യാലയ മേധാവി Approval ചെയ്തിട്ടുണ്ടെന്ന് ബന്ധപ്പെട്ട ജില്ലാ വനിതാ ശിശു വികസന ഓഫീസർമാർ ഉറപ്പ് വരുത്തേണ്ടതും ഇത് സംബന്ധിച്ച സാക്ഷ്യപത്രം

02/07/2022, 01.00 pm ന് മുമ്പായി ഈ കാര്യാലയത്തിലെ wcdestablishment2017@gmail.com എന്ന ഇമെയിൽ വിലാസത്തിൽ ലഭ്യമാക്കേണ്ടതുമാണ്.

**3)** ഗുരുതരമായ സാങ്കേതിക പ്രശ്നങ്ങളാൽ സർവ്വീസ് വിവരങ്ങൾ രേഖപ്പെടുത്തി Approval ചെയ്യുന്നതിന് കഴിയാത്ത ജീവനക്കാരുണ്ടോ എന്ന വിവരം അതാത് ജില്ലാ വനിതാ ശിശുവികസന ഓഫീസർമാർ കീഴ്കാര്യാലയങ്ങളിൽ നിന്നും റിപ്പോർട്ട് വാങ്ങേണ്ടതും പ്രസ്തുത വിഭാഗത്തിലുള്ള ജീവനക്കാരുടെ പേര് വിവരം ചുവടെ പറയുന്ന മാതൃകയിൽ തയ്യാറാക്കി 30/06/2022, 01.00 pm ന് മുമ്പായി wcditcell@gmail.com എന്ന ഇമെയിൽ വിലാസത്തിൽ അറിയിക്കേണ്ടതാണ്.

| ക്രമ നമ്പർ | പേരും മൊബൈൽ ഫോൺ നമ്പറും | PEN | തസ്തിക | നിലവിൽ ജോലി ചെയ്യുന്ന ഓഫീസും കാര്യാലയ മേധാവിയുടെ മൊബൈൽ ഫോൺ നമ്പറും | സാങ്കേതിക പ്രശ്നത്തിന്റെ വിശദാംശം |
|---|---|---|---|---|---|
| | | | | | |

**4)** ജീവനക്കാരുടെ സർവ്വീസ് വിവരങ്ങൾ രേഖപ്പെടുത്തുന്നതിനോ കാര്യാലയ മേധാവിയ്ക്ക് Approval ചെയ്യുന്നതിനോ 01/07/2022, 05.00 pm ന് ശേഷം യാതൊരു കാരണവശാലും സമയം അനുവദിക്കില്ലെന്നതിനാൽ ഈ വിഷയം കൈകാര്യം ചെയ്യുന്ന എല്ലാ ഉദ്യോഗസ്ഥരും വ്യക്തിപരമായ ശ്രദ്ധ ചെലുത്തി സമയബന്ധിതമായി നടപടി പൂർത്തിയാക്കേണ്ടതാണ്.

വനിതാ ശിശുവികസന ഡയറക്ടർക്ക് വേണ്ടി

എല്ലാ ജീവനക്കാർക്കും
എല്ലാ കീഴ് കാര്യാലയ മേധാവികൾക്കും

**<u>പകർപ്പ്</u>**

സൂപ്രണ്ട്, ഐ.റ്റി. സെൽ (ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
സ്റ്റോക്ക് ഫയൽ/ സ്പെയർ